ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) അക്ഷയ പദ്ധതിക്ക് പ്രാദേശികമായി സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം 17-6-2004-ലെ ഗവൺമെന്റ് ഉത്തരവ് G.O. (Rt.) 130/2004/ITD-യിൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ജനസേവന കേന്ദ്രം മാറ്റി സ്ഥാപിക്കാൻ നടപടി

53 [507] ശ്രീ. വി. കെ. സി. മമ്മദ്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മൊഫ്യൂസൽ ബസ്റ്റാന്റിലെ നാലാം നിലയിൽ പ്രവർത്തിച്ചുവരുന്ന ജനസേവന കേന്ദ്രത്തിൽ ജനങ്ങൾക്ക് എത്തിച്ചേരാനുണ്ടാകുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജനസേവനകേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലം അനുവദിച്ചു തരുന്നത് അതാതു സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. കോഴിക്കോട് നഗരസഭയുമായി സഹകരിച്ച് പ്രസ്തുത ജനസേവന കേന്ദ്രം കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

54 [508] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ ഭാഗമായി എത്ര അംഗൻവാടികൾ പുതുതായി ആരംഭിച്ചു;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly